**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ടയിൽ അഡീഷണൽ ജില്ലാ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ബഹു. കേരള ഹൈക്കോടതിയുടെ 20.10.2023-ലെ 7എ (1)29257/15/ഡി11 നമ്പർ ഫയലിലെ തീരുമാനം പ്രകാരം ഈരാറ്റുപേട്ടയിൽ ഒരു അഡീഷണൽ ജില്ലാ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കോടതികൾ സ്ഥാപിയ്ക്കുന്നതിനായി 02/03/2016 തീയതിയിലെ സ.ഉ.(കൈ) നം.79/2016/ആഭ്യന്തരം പ്രകാരം ഒരു മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈരാറ്റുപേട്ടയിൽ ഒരു അഡീഷണൽ ജില്ലാ കോടതി സ്ഥാപിയ്ക്കുന്നതിനുള്ള ശിപാർശ സർക്കാർ അംഗീകാരം നൽകിയ മുൻഗണനാപട്ടികയ്ക്ക് തുടർച്ചയായി ഇനം.നം. 15 ആയി ഉൾപ്പെടുത്തുവാൻ ഹൈക്കോടതി ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഈരാറ്റുപേട്ട കോർട്ട് സെന്ററിൽ പണി പൂർത്തിയായി കിടക്കുന്ന കോർട്ട് കോംപ്ലക്സിലെ സ്ഥലസൗകര്യം ഉപയോഗിച്ചുകൊണ്ട് പുതിയ അഡിഷണൽ ജില്ലാ കോടതി ഈരാറ്റുപേട്ടയിൽ ആരംഭിക്കുന്നതിനുള്ള ബഹു. കേരള ഹൈക്കോടതി തീരുമാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ